# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3790 17.12.2015-ൽ മറുപടിയ്ക്ക്

## പാതയോരങ്ങളിലെ അപകടാവസ്ഥയിലുള്ള മരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>,, സി.മോയിൻ കുട്ടി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) പ്രധാന നിരത്തുകളിലെ അപകടാവസ്ഥയിലുള്ള മരങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ ; | എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ പ്രധാന നിരത്തുകളിലെ അപകടാവസ്ഥയിലുള്ള മരങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലെ കണക്കെടുപ്പ് ഉടൻതന്നെ പൂർത്തിയാക്കുന്നതാണ്. |
| ബി) എങ്കിൽ ഏറ്റവും പ്രധാന വീഥികളിലെങ്കിലും ഇവ മുറിച്ച് മാറ്റി സുരക്ഷ ഉറപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; | ബി) ജീവനും സ്വത്തിനും അപകടകരമായി നിരത്തുവക്കിൽ നിൽക്കുന്ന മരങ്ങളെ അതാതു സ്ഥാപന അധികാരികളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പ രിശോധന നടത്തി ദ്രുതഗതിയിൽ മുറിച്ചുമാറ്റുന്ന - തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| സി) മുറിച്ചു മാറ്റുന്ന മരങ്ങൾക്ക് പകരമായി ഔഷധ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കാനും പരിപാലിക്കാനും നടപടി സ്വീകരിക്കുമോ ? | സി) ജി.ഒ. (ആർ.റ്റി) 172/2010/വനം തീയതി 21.04.2010 പ്രകാരം മുറിച്ചു മാറ്റുന്ന ഓരോ മരങ്ങൾക്കും പകരമായി 10 മരങ്ങൾ |

നട്ടുപിടിപ്പിക്കണമെന്ന് നിഷ്കർഷി - ച്ചിട്ടുണ്ട്. ഇപ്രകാരം നട്ടുപിടിപ്പിക്കുന്ന മരങ്ങളിൽ ഔഷധ വൃക്ഷങ്ങളും നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ